**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1305** **12-02-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം ഇൻവസ്റ്റേഴ്സ് മീറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്‌തീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം ഇൻവസ്റ്റേഴ്സ് മീറ്റ് വഴി സംസ്ഥാനത്തെ ടൂറിസം മേഖലയിൽ പുതുതായി ലഭിച്ച നിക്ഷേപങ്ങളെക്കുറിച്ച് വിശദമാക്കാമോ? | (എ) | ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി ആകെ 15,126 കോടിയോളം രൂപയുടെ നിക്ഷേപവാഗ്ദാനങ്ങൾ(LOI) ലഭിച്ചിട്ടുണ്ട്.<br><br>ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി 250 കോടി രൂപയുടെ, ആലപ്പുഴ മുഹമ്മയിലെ ലക്ഷ്വറി റിസോർട്ട്, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപത്ത് ആരംഭിക്കുന്ന ലക്ഷ്വറി ഹോട്ടൽ എന്നിവയുടെ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് ഒപ്പുവെക്കുകയുണ്ടായി.<br><br>കൂടാതെ മീറ്റിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ട സർക്കാർ ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള 23 പദ്ധതികളുടെ ഭൂമി/കെട്ടിടങ്ങൾ മുതലായവയുടെ മൂല്യനിർണ്ണയം, പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള RFP പ്രക്രിയ, നിക്ഷേപകരെ തിരഞ്ഞെടുക്കുവാനായി RFP കൾ തയ്യാറാക്കൽ, ഡിറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ച സ്വകാര്യ നിക്ഷേപകർക്ക് ആവശ്യമെങ്കിൽ സിംഗിൾ വിൻഡോക്ലിയറൻസ് ബോർഡിലേക്ക് സമർപ്പിക്കുക, മറ്റ് സഹായങ്ങൾ ലഭ്യമാക്കുക, മുതലായ നടപടികൾ പുരോഗമിച്ചുവരികയാണ്.<br><br>ഇത് കൂടാതെ സർക്കാർ ഭൂമി ഉപയോഗപ്പെടുത്തികൊണ്ടുള്ള മൂന്ന് പദ്ധതികൾ, ബേക്കൽ റിസോർട്ട് & കൺവെൻഷൻ സെന്റർ (ബേക്കൽ ടൂറിസം വില്ലേജ്), ഫൈവ് സ്റ്റാർ റിസോർട്ട് ചെമ്പരിക്ക, ബേക്കൽ ടൂറിസം സെന്റർ എന്നിവയ്ക്കായി നിക്ഷേപകരെ കണ്ടെത്തി ലൈസൻസ് എഗ്രിമെന്റിൽ ഒപ്പുവെക്കുവാനും സാധിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ അന്തിമ രൂപരേഖ നിക്ഷേപകർ തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ